(സി) പ്ലാസ്റ്റിക്, അപകടകാരികളായ ഘനലോഹങ്ങൾ, രസം, കാഡ്മിയം, ബെറിലിയം എന്നിവ അടങ്ങുന്ന ഇ-വേസ്റ്റുകൾ യഥാവിധി സംസ്കരിക്കാത്ത പക്ഷം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നതാണ്. ഇ-മാലിന്യം വേർതിരിക്കാതെ ജൈവ മാലിന്യവുമായി ചേർത്ത് മണ്ണിനടിയിൽ മൂടുന്നതും ജലാശയങ്ങളിലും മറ്റും കളയുന്നതും തുറസ്സായി ഇത്തരം മാലിന്യം കത്തിക്കുന്നതും ജലം, വായു, മണ്ണ് ഇവയെല്ലാം മലിനപ്പെടുത്തുന്നതിന് കാരണമാകുന്നു.

പരിസ്ഥിതി-തീരസംരക്ഷണ നിയമം മറികടന്ന് നിർമ്മാണ പ്രവർത്തനം

219 (7782) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി-തീരസംരക്ഷണ നിയമം മറികടന്ന് ഫ്ളാറ്റും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും നടക്കുന്നത് സംബന്ധിച്ച് എത്ര പരാതികൾ പരിസ്ഥിതി വകുപ്പിന് ലഭിച്ചിട്ടുണ്ട് ;

(ബി) ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ചാണ് പരാതി ലഭിച്ചത് ;

(സി) ഈ പരാതികളിന്മേൽ ഓരോ നിർമ്മാണ പ്രവർത്തനത്തെയും സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഏതെല്ലാം പ്രവൃത്തികൾ സംബന്ധിച്ച് വിജിലൻസ് അടക്കമുള്ള പുതിയ അന്വേഷണത്തിന് തീരുമാനിച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രവൃത്തികൾ നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നുമുള്ള വിവരം നൽകുമോ ?

ഉത്തരം

(എ) 4 പരാതികൾ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പുകളിൽ ലഭിച്ചിട്ടുണ്ട്.

(ബി)

1. M/s Artech Realtors (P) Ltd., നെയ്യാറ്റിൻകര താലൂക്കിലെ കോട്ടുകാൽ പഞ്ചായത്തിൽ സമുദ്ര തീരത്ത് ബഹുനില കെട്ടിട നിർമ്മാണം.

2. കല്പതരു കോ-ഓപ്പറേറ്റീവ് സൊസൈറ്റി, 8/2079 ദ്വാരകാസദൻ, ഗുജറാത്തി റോഡ്, കൊച്ചി-682 002 എട്ടുനില ഫ്ളാറ്റ് നിർമ്മാണം.

3. M/s Perfect Health Care, പുതിയങ്ങാടി വില്ലേജ്, ഇടക്കാട് ദേശം, കോഴിക്കോട് ആശുപത്രി സമുച്ചയ നിർമ്മാണം.

4. ആക്കുളം കായൽ തീരത്ത് ഹീര കൺസ്ട്രക്ഷൻ ഫ്ളാറ്റ് നിർമ്മിക്കുന്നത് സംബന്ധിച്ച്.

LIBRARY ARCHIVES Kerala Legislative Assembly

(സി)

(1) പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക പരിശോധന നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പരിശോധന നടത്താനായി ഉന്നത സമിതിയെ ഏൽപ്പിച്ചിട്ടുണ്ട്.

(2 & 3) പരാതികളിന്മേൽ വിദഗ്ദ്ധ പരിശോധന നടത്തുന്നതിനായി തീരുമാനം എടുത്തിട്ടുണ്ട്.

(4) റവന്യൂ ഉദ്യോഗസ്ഥരുമായി പ്രാഥമിക അന്വേഷണം നടത്തി തുടർ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ആഗോള താപനത്തെ ചെറുക്കുന്നതിനുള്ള പുതിയ പദ്ധതികൾ

220 (7783) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ആഗോളതാപനം-മരമാണ് മറുപടി' എന്ന സന്ദേശമുയർത്തി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ മരംനടൽ പദ്ധതി ഈ സർക്കാർ തുടരുന്നുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഇതിന്റെ ഭാഗമായി എത്ര മരങ്ങൾ നട്ടുയെന്ന് വ്യക്തമാക്കുമോ ;

(സി) ആഗോളതാപനത്തെ ചെറുക്കുന്നതിനു വേണ്ടി വനം വകുപ്പ് ആസൂത്രണം ചെയ്തിരിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 'ആഗോളതാപനം - മരമാണ് മറുപടി' എന്ന സന്ദേശമുയർത്തി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ "ഹരിതകേരളം" എന്ന പദ്ധതി ഇപ്പോഴും തുടർന്നുവരുന്നുണ്ട്.

(ബി) ടി പദ്ധതിയുടെ ഒരു ഘടകമായ പാതയോരങ്ങളിൽ മരം നട്ടുപിടിപ്പിക്കുന്നതിനുള്ള "വഴിയോരത്തണൽ പദ്ധതി" മുഖേനമാത്രമേ വനം വകുപ്പ് നേരിട്ട് മരങ്ങൾ വച്ചുപിടിപ്പിക്കുന്നുള്ളൂ. ടി വഴിയോരത്തണൽ പദ്ധതി പ്രകാരം 2011-ൽ 28,000 തൈകളും 2012-ൽ 18,500 തൈകളും 2013-ൽ 15,437 തൈകളും വനംവകുപ്പ് നേരിട്ട് നട്ടുപിടിപ്പിക്കുകയുണ്ടായി. ഈ പ്ലാന്റിംഗ് സീസണിലെ തൈനടീൽ പൂർത്തിയായിട്ടില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മതസംഘടനകൾ, യുവജന-രാഷ്ട്രീയ സംഘടനകൾ, പത്രമാദ്ധ്യമങ്ങൾ എന്നിവ മുഖേന വിദ്യാർത്ഥികൾക്കും മറ്റ് പൗരന്മാർക്കും പൊതുസ്ഥലങ്ങളിലോ സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly